# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം : 1482 — 13-07-2011-ൽ മറുപടിക്ക്

### വിദേശ പരിശീലനം ലഭിച്ച എഞ്ചിനീയർമാരുടെ സേവനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി. ദിവാകരൻ<br>,, ഇ. കെ. വിജയൻ<br>,, ഇ. ചന്ദ്രശേഖരൻ<br>,, ചിറ്റയം ഗോപകുമാർ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് വൈദ്യുതി ബോർഡിന്റെ കീഴിൽ കാനഡയിൽ നിന്നും പരിശീലനം ലഭിച്ച എത്ര എഞ്ചിനീയർമാരുണ്ട്; ഇതിൽ എത്ര പേരുടെ സേവനം ബോർഡിന് ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;<br><br>(ബി) ഇവർക്ക് പരിശീലനം നൽകുന്നതിന് ബോർഡ് ചെലവഴിച്ച തുക എത്രയാണെന്ന് വെളിപ്പെടുത്തുമോ ; | (എ)&(ബി)<br>കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ മൂലമറ്റം ജനറേഷൻ സർക്കിളിൽ നിന്നും രണ്ടു എഞ്ചിനിയർമാർക്ക് കാനഡയിൽ കുറ്റ്യാടി എക്സ്റ്റൻഷൻ സ്കീം (50 MW) ന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പരിശീലനം ലഭിച്ചിട്ടുണ്ട്. ഇതിൽ ഒരാളുടെ സേവനം ബോർഡിന് ലഭിക്കുന്നുണ്ട്. മറ്റൊരാൾ 2001 മാർച്ചിൽ സർവ്വീസിൽ നിന്നും വിരമിച്ചു. ഇവർക്ക് യാത്രാപ്പടിയായി 1,91,600/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതുകൂടാതെ 1982-83 കാലഘട്ടത്തിൽ ഇടുക്കി രണ്ടാംഘട്ട പദ്ധതിക്കാലത്ത് പതിനേഴു എഞ്ചിനിയർമാർക്ക് കാനഡയിൽ പരിശീലനം ലഭിച്ചിട്ടുണ്ട്. |
| (സി) ഇത്തരം പരിശീലനം ലഭിച്ചവരിൽ എത്രപേർ ദീർഘകാല അവധിയെടുത്തിട്ടുണ്ടെന്നും അവർ ഇപ്പോൾ എവിടെയാണെന്നും വെളിപ്പെടുത്തുമോ ; | (സി) ഇപ്പോൾ ദീർഘകാല അവധിയിൽ ആരും ഇല്ല. കാനഡയിൽ പരിശീലനം ലഭിച്ച 19 പേരിൽ രണ്ടു പേർ മാത്രമേ ഇപ്പോൾ ബോർഡിൽ സേവനം അനുഷ്ഠിക്കുന്നുള്ളു. രണ്ടുപേരും ഇപ്പോൾ ചീഫ് എഞ്ചിനിയർമാരാണ്. മറ്റുള്ളവർ സർവ്വീസിൽ നിന്നും വിരമിച്ചു. |

(ഡി) വിദേശ പരിശീലനം ലഭിച്ചവരുടെ സേവനം ബോർഡിന് ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടെന്ന് വിശദമാക്കുമോ ?

(ഡി) നിലവിൽ ബോർഡിൽ സേവനം അനുഷ്ഠിക്കുന്നവരിൽ ഒരാളായ ശ്രീ. ജെ. ബാബുരാജിന് ലഭിച്ച പ്രത്യേക പരിശീലനം കണക്കിലെടുത്ത് അദ്ദേഹത്തെ പുതിയ വൈദ്യുത പദ്ധതികളുടെ നിർമ്മാണത്തിന് മേൽനോട്ടം വഹിക്കുന്ന ചീഫ് എഞ്ചിനിയർ (പ്രോജക്ട് ഇലക്ട്രിക്കൽ ഡിസൈൻ) ആയി നിയമിച്ചിട്ടുണ്ട്. കൂടാതെ പവർ ഹൗസുകളുമായി ബന്ധപ്പെട്ട സാങ്കേതിക പ്രശ്നങ്ങൾ പഠിക്കുന്ന വിദഗ്ദ്ധ കമ്മിറ്റികളിൽ ഉൾപ്പെടുത്തി അദ്ദേഹത്തിന്റെ സേവനം ബോർഡിൽ ലഭ്യമാക്കുന്നുണ്ട്. മറ്റൊരാളായ ശ്രീ. എസ്. ശ്രീകുമാറിന് ഡാം മോണിറ്ററിംഗ് & പ്രോജക്ട് മാനേജ്മെന്റിലാണ് പരിശീലനം ലഭിച്ചത്. അദ്ദേഹം പുതിയ പദ്ധതികളുടെ സാദ്ധ്യതാപഠനവും രൂപകല്പനയും, വിശദമായ പ്രോജക്ട് റിപ്പോർട്ടും തയ്യാറാക്കി നടപ്പിലാക്കുന്ന വിഭാഗത്തിന്റെ ചീഫ് എഞ്ചിനിയറായി സേവനം അനുഷ്ഠിക്കുന്നു.

സെക്ഷൻ ഓഫീസർ